# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026 - മാണ്ട് മാർച്ച് മാസം 28 -ാം തീയതി

# <u>MC. No. 17 / 2022</u>

ഹർജിക്കാർ :

1. ഹൻസ ഫാത്തിമ, 27 വയസ്സ് , D/o. നൗഷാദ്, പടിഞ്ഞാറെ ഉമ്മാപറമ്പിൽ, നീർക്കുന്നം, വണ്ടാനം, ആലപ്പുഴ മെഡിക്കൽ കോളേജ് പി.ഒ, ആലപ്പുഴ
2. ഹാദിയ മുബാറക (മൈനർ) , 3 വയസ്സ്, D/o. സാജിദ്.എം.ഷംസുദ്ദീൻ, പടിഞ്ഞാറെ ഉമ്മാപറമ്പിൽ, നീർക്കുന്നം, വണ്ടാനം, ആലപ്പുഴ മെഡിക്കൽ കോളേജ് പി.ഒ, ആലപ്പുഴ
   (മൈനറിനെ പ്രതിനിധീകരിച്ച് മാതാവായ ഒന്നാം ഹർജിക്കാരി)

**(പ്രതിനിധീകരിക്കുന്നത് അഡ്വ. കെ. നജീബ്** )

എതൃകക്ഷികൾ :

1. സാജിദ്.എം.ഷംസുദ്ദീൻ, 34 വയസ്സ് , S/o. ഷംസുദ്ദീൻ.എം.കെ, വേളൂർ സാജിദ മൻസിൽ, ഒറ്റപ്പാലം, വരോട് പി.ഒ, പാലക്കാട് - 679 102
2. ഷംസുദ്ദീൻ.എം.കെ, 70 വയസ്സ്, S/o. മുഹമ്മദ് ഖാസിം, വേളൂർ സാജിദ മൻസിൽ, ഒറ്റപ്പാലം, വരോട് പി.ഒ, പാലക്കാട് - 679 102
3. നസീമ ബീവി പി.എച്ച്, 65 വയസ്സ്, W/o. ഷംസുദ്ദീൻ.എം.കെ, വേളൂർ സാജിദ മൻസിൽ, ഒറ്റപ്പാലം, വരോട് പി.ഒ, പാലക്കാട് - 679 102

4. അനീഷ്.പി.സലിം, 41 വയസ്സ്, S/o. മുഹമ്മദ് സലിം,
പുളിച്ചുവള്ളിൽ, പ്ലാകപടി, പത്തനാട്,
ചങ്ങനാശ്ശേരി- 686 541
5. സാജിദ, 37 വയസ്സ്, W/o. അനീഷ്.പി.സലിം,
പുളിച്ചുവള്ളിൽ, പ്ലാകപടി, പത്തനാട്,
ചങ്ങനാശ്ശേരി-686 541

**(പ്രതിനിധീകരിക്കുന്നത് അഡ്വ. എസ്. സുധീർഖാൻ)**

2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12-ാം വകുപ്പ് പ്രകാരമുള്ള ഈ ഹർജി 11.03.2026 ന് കോടതിയുടെ പരിഗണനയിൽ വന്നതിൽ 28.03.2026 ന് പുറപ്പെടുവിക്കുന്ന

# <u>ഉത്തരവ്</u>

1. ഹർജി 2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12 -ാം വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ്.
2. ഹർജി സംഗതി ഇപ്രകാരം ആണ് :- ഹർജിക്കാരും എതൃകക്ഷികളും മുസ്ലിം സമുദായത്തിൽപ്പെട്ടവരും, ഒന്നാം ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിലുള്ള വിവാഹം 28.02.2021 തീയതി ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലുള്ള മാർഗ്രിഗോറിയസ് ഓഡിറ്റോറിയത്തിൽ വെച്ച് മുസ്ലിംമതാചാരപ്രകാരം നടന്നിട്ടുള്ളതുമാണ്. രണ്ടും മൂന്നും എതൃകക്ഷികൾ ഒന്നാം എതൃകക്ഷിയുടെ മാതാപിതാക്കളും, നാലും അഞ്ചും എതൃകക്ഷികൾ ഒന്നാം എതൃകക്ഷിയുടെ അളിയനും സഹോദരിയുമാണ്. ഒന്നാം ഹർജിക്കാരിയുടെ മാതാവിന്റെ പുറക്കാട് ബ്രാഞ്ചിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബാങ്ക് അക്കൗണ്ടിൽ നിന്ന് 29.12.2020 ന് 10 ലക്ഷം രൂപ രണ്ടാം എതൃകക്ഷിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചിട്ടുണ്ട് എന്നും, 26.04.2021 ന് 5 ലക്ഷം രൂപ നാലാം എതൃകക്ഷിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കും, 29.04.2021 ന് 5 ലക്ഷം രൂപ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി ഒന്നാം എതൃകക്ഷിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കും നൽകുകയും അങ്ങനെ മൊത്തം 20 ലക്ഷം രൂപ ഒന്നാം ഹർജിക്കാരിയുടെ ക്ഷേമത്തിനും നന്മയ്ക്കുമായി ട്രസ്റ്റിയായി നിന്നുകൊണ്ട് ഒന്നാം ഹർജിക്കാരിയുടെ മാതാവിന്റെ അക്കൗണ്ടിൽ നിന്ന് എതൃകക്ഷികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. വിവാഹ

സമയത്ത് ഒന്നാം ഹർജിക്കാരിക്ക് മാതാപിതാക്കൾ നൽകിയ 50 പവൻ സ്വർണ്ണാഭരണങ്ങളും മൂന്നും അഞ്ചും എതൃകക്ഷികൾക്ക് ഓരോരുത്തർക്കും നൽകിയ ഒന്നര (1 1/2) പവൻ വീതമുള്ള വളകളും, കൂടാതെ നാലും അഞ്ചും എതൃകക്ഷികളുടെ കുട്ടിക്ക് നൽകിയ 2 ഗ്രാം സ്വർണ്ണവും ഒന്നാം ഹർജിക്കാരി നൽകിയിരുന്നു. വിവാഹശേഷം ഒന്നാം ഹർജിക്കാരി താമസിച്ചിരുന്നത് എതൃകക്ഷികളുടെ കുടുംബവീട്ടിൽ ആയിരുന്നു എന്നും എതൃകക്ഷികൾ അവരുടെ കുടുംബവീട് നവീകരിക്കുന്നതിനും കടംവീട്ടുന്നതിനുമായി മേൽപ്പറഞ്ഞ 20 ലക്ഷം രൂപ ചിലവഴിച്ചു എന്നും വിവാഹ ശേഷം ആദ്യത്തെ ഒരു മാസം അവർക്കിടയിൽ തർക്കങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല എന്നും അതിനുശേഷം എതൃകക്ഷികൾ ഒന്നാം ഹർജിക്കാരിയോട് വഴക്കിടാനും ഹർജിക്കാരിയെ അധിക്ഷേപിക്കാനും തുടങ്ങിയെന്നും അഞ്ചാം എതൃകക്ഷി പ്രസവത്തിനായി കുടുംബ വീട്ടിൽ വരികയും അവർ പുറത്തുപോയപ്പോൾ മറ്റു കുട്ടികളെ നോക്കേണ്ട ചുമതല ഒന്നാം ഹർജിക്കാരിയിൽ നിക്ഷിപ്തമായെന്നും ഇതിനിടയിൽ ഒന്നും രണ്ടും മൂന്നും എതൃകക്ഷികൾ സ്വർണ്ണാഭരണങ്ങൾ ഒറ്റപ്പാലത്തെ സർവ്വീസ് സഹകരണ ബാങ്കിലെ ലോക്കറിൽ ഒന്നും രണ്ടും എതൃകക്ഷികളുടെ പേരിൽ സൂക്ഷിക്കാം എന്ന് വിശ്വസിപ്പിച്ച് ഒന്നാം ഹർജിക്കാരിയിൽ നിന്ന് കൈക്കലാക്കുകയും, തുടർന്ന് വൈവാഹിക ജീവിതത്തിൽ വളരെ മോശമായ ഒരു അന്തരീക്ഷമാണ് ഹർജിക്കാരിക്ക് നേരിടേണ്ടി വന്നത്. 30.07.2021 തീയതി രാവിലെ മുതൽ 1,2,3,5 എതൃകക്ഷികൾ ചേർന്ന് ഒന്നാം ഹർജിക്കാരിയെ മാനസികമായി ഉപദ്രവിക്കാൻ തുടങ്ങുകയും ഹർജിക്കാരിക്ക് ആകർഷണീയത ഇല്ലെന്നും ഉന്മേഷമില്ലെന്നും അവർ പറയുകയും അപ്പോൾ തന്നെ ഒന്നാം ഹർജിക്കാരി ടിയാളുടെ മാതാപിതാക്കളെ വിവരം അറിയിക്കുകയും, തുടർന്ന് 31.07.2021 തീയതി മാതാപിതാക്കൾ ഒന്നാം ഹർജിക്കാരിയെ ടിയാളുടെ സ്വന്തം വസതിയിലേക്ക് കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു. രണ്ടാഴ്ചയ്ക്കുശേഷം ഒന്നാം എതൃകക്ഷി ഒന്നാം ഹർജിക്കാരിയെ ചങ്ങനാശ്ശേരിയിലുള്ള നാലാം എതൃകക്ഷിയുടെ വസതിയിലേക്ക് വിളിച്ചുവരുത്തുകയും അവിടെ വെച്ച് 4 ഉം 5 ഉം എതൃകക്ഷികളും കൂടാതെ ഒന്നാം എതൃകക്ഷിയും ചേർന്ന് ഒന്നാം ഹർജിക്കാരിയെ അപമാനിച്ചു എന്നും തുടർന്ന് ഒന്നാം എതൃകക്ഷി തന്റെ ജോലിസ്ഥലമായ ചെന്നൈയിലേക്ക് പോകുകയും ഒന്നാം ഹർജിക്കാരിയുടെ പിതാവ് ഒരാഴ്ചയ്ക്കുശേഷം ഒന്നാം ഹർജിക്കാരിയെ പാലക്കാട് എത്തിക്കാമെന്ന് സമ്മതിച്ചെങ്കിലും പിന്നീട് ഒന്നാം ഹർജിക്കാരി ഒന്നാം എതൃകക്ഷിയെ വിളിച്ചപ്പോൾ അദ്ദേഹം ഒന്നാം ഹർജിക്കാരിയോട് മോശമായ

ഭാഷയിൽ സംസാരിക്കുകയും ടിയാളുടെ ആരോഗ്യത്തെക്കുറിച്ച് അന്വേഷിക്കാൻ പോലും തയ്യാറായിട്ടില്ലാത്തതുമാണ്. 16.08.2021 തീയതി ഒന്നാം ഹർജിക്കാരി ഗർഭിണിയാണെന്ന വിവരം എതൃകക്ഷികളെ അറിയിച്ചപ്പോൾ ഒന്നാം എതൃകക്ഷി ഹർജിക്കാരിയോട് അലറുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയും, മറ്റ് എതൃകക്ഷികൾ ഇതിനോട് യാതൊരുവിധ പ്രതികരണവും നടത്തിയിട്ടില്ലാത്തതും, ആളുകളോടൊപ്പം ചേർന്ന് ഒന്നാം ഹർജിക്കാരിയെ അധിക്ഷേപിക്കുകയും ടിയാൾക്ക് മാനസികരോഗം ഉണ്ടെന്ന് തെറ്റായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നതാണ്. ഒന്നാം എതൃകക്ഷിയോട് ഗൈനക്കോളജിസ്റ്റിനെ കാണിക്കാൻ കൊണ്ടുപോകണമെന്ന് ഒന്നാം ഹർജിക്കാരി പലതവണ ആവശ്യപ്പെട്ടെങ്കിലും ഒന്നാം എതൃകക്ഷി അത് ചെവി കൊണ്ടില്ലാത്തതും, അതിനിടയിൽ ഒന്നാം ഹർജിക്കാരിയുടെ മുത്തശ്ശൻ മരണപ്പെട്ടു പോയി എന്നും എന്നാൽ എതൃകക്ഷികളുടെ ഭാഗത്ത് നിന്നും ആരും മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്തിട്ടില്ലാത്തതുമാണ്.ഒന്നാം എതൃകക്ഷി സംശയാലുവായ സ്വഭാവക്കാരനും വളരെ ശാഠ്യം ഉള്ളവനാണെന്നും സ്വന്തം മാതാപിതാക്കളുടെ കൂട്ടുപിടിച്ചാണ് പ്രവർത്തിക്കുന്നതെന്നും ഒന്നാം ഹർജിക്കാരി ഹർജിയിൽ പറയുന്നു. ഒന്നാം എതൃകക്ഷി പലപ്പോഴും ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കളെ അധിക്ഷേപിക്കാറുണ്ടായിരുന്നു എന്നും ഒരു സ്ത്രീയ്ക്കും സഹിക്കാൻ കഴിയാത്തത്ര ദുരിതങ്ങൾ ഒന്നാം ഹർജിക്കാരി ടിയാളുടെ ഭർതൃവീട്ടിൽ അനുഭവിച്ചിട്ടുണ്ട് എന്നും ഹർജിക്കാരി വ്യക്തമാക്കുന്നു. ഒന്നാം എതൃകക്ഷി 31.07.2021 തീയതി ഒന്നാം ഹർജിക്കാരോട് കൂടെയുള്ള താമസം അവസാനിപ്പിച്ചു എന്നും ഒന്നാം ഹർജിക്കാരിക്ക് യാതൊരുവിധ ജീവനാംശവും നൽകിയിട്ടില്ലെന്നും ഹർജിയിൽ ബോധിപ്പിക്കുന്നു. 20 ലക്ഷം രൂപയും 53.252 പവൻ സ്വർണ്ണാഭരണങ്ങളും എതൃകക്ഷികൾ അവരുടെ സ്വന്തം ഇഷ്ടാനുസരണം ദുരുപയോഗം ചെയ്തിട്ടുണ്ട് എന്നും ഹർജിയിൽ ബോധിപ്പിക്കുന്നു. സ്ഥിര വരുമാനം ഇല്ലാത്ത ഒന്നാം ഹർജിക്കാരിക്ക് പ്രതിമാസ ചിലവുകൾക്കും മറ്റു പരിപാലനത്തിനുമായി 15,000/- രൂപ ആവശ്യമാണ്. ഒന്നാം എതൃകക്ഷി ചെന്നൈ റെയിൽവേ ഡിപ്പാർട്ട്മെന്റിൽ ലോക്കോ പൈലറ്റ് ആയി ജോലി ചെയ്ത് വരുന്നതും ടിയാൾക്ക് പ്രതിമാസം 91,588/-രൂപ ശമ്പളം ഉണ്ട് എന്നും ഒന്നാം ഹർജിക്കാരിക്കും ഒന്നാം എതൃകക്ഷിക്കും നിലവിൽ 3 വയസ്സുള്ള ഒരു പെൺകുട്ടിയുണ്ട് (രണ്ടാം ഹർജിക്കാരി) എന്നും സ്കാനിങ്ങിനും മറ്റ് ചികിത്സ ആവശ്യങ്ങൾക്കുമായി വലിയൊരു തുക ഇതിനകം ചിലവായിട്ടുണ്ട് എന്നും ആയതിനാൽ പ്രസവവുമായി ബന്ധപ്പെട്ട ചിലവുകൾക്ക്

65,000/- രൂപ ആവശ്യമായിട്ടുള്ളതുമാണ്. എതൃകക്ഷികൾ ഏൽപ്പിച്ച മാനസികവും ശാരീരികവുമായ ക്രൂരതയ്ക്കും ഉപദ്രവത്തിനുമുള്ള നഷ്ടപരിഹാരമായി 25 ലക്ഷം രൂപ ലഭിക്കാൻ ഒന്നാം ഹർജിക്കാരിക്ക് അർഹതയുണ്ട് എന്നും എതൃകക്ഷികളുടെ മോശം പെരുമാറ്റം കാരണം ഒന്നാം ഹർജിക്കാരിക്ക് ടിയാളുടെ ജീവിതത്തിലെ പ്രതീക്ഷകളും ഭാവി സൗഭാഗ്യങ്ങളും പൂർണ്ണമായും നഷ്ടപ്പെട്ടു എന്നും, എതൃകക്ഷികൾ ഹർജിക്കാരിക്ക് നേരെ ശാരീരികവും മാനസികവുമായ പീഡനങ്ങൾ നടത്തി വന്നിരുന്നതുമാണ്. അതിനാൽ ഗാർഹിക പീഡനമോ മറ്റ ഏതെങ്കിലും തരത്തിലുള്ള ഉപദ്രവങ്ങളോ ഭീഷണികളോ മാനസികമായോ ശാരീരികമായോ ആയ രീതിയിൽ ഒന്നാം ഹർജിക്കാരിയുടെ സമാധാനപരമായ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ പ്രവർത്തിക്കുന്നതിൽ നിന്നും എതൃകക്ഷികളെ തടയുന്നതിന് ഒരു സംരക്ഷണ ഉത്തരവ് ആവശ്യപ്പെടുന്നു. കൂടാതെ ഒന്നാം എതൃകക്ഷിയിൽ നിന്നും ഒന്നാം ഹർജിക്കാരിക്ക് പ്രതിമാസം 15,000/- (പതിനയ്യായിരം) രൂപയും ടിയാളുകളുടെ മകളായ രണ്ടാം ഹർജിക്കാരിക്ക് പ്രതിമാസം 10,000/- (പതിനായിരം) രൂപയും വീതം ജീവനാംശവും, 65,000/- (അറുപത്തയ്യായിരം) രൂപ പ്രസവ ചിലവും ഈടാക്കാൻ അനുവദിച്ച് ഒരു ഉത്തരവ് ലഭിക്കുന്നതിനും, വിവാഹ ചിലവുകളും മറ്റ സാമ്പത്തികമായ നഷ്ടപരിഹാരത്തിനുമായി 25,00,000/- (ഇരുപത്തി അഞ്ച് ലക്ഷം) രൂപ എതൃകക്ഷികളിൽ നിന്നോ ടിയാളുകളുടെ സ്വത്തുക്കളിൽ നിന്നോ ഈടാക്കി നൽകുന്നതിന് ഒന്നാം ഹർജിക്കാരിയെ അനുവദിച്ച് ഒരു ഉത്തരവ് ലഭിക്കുന്നതിനും വേണ്ടി ഹർജി ഫയൽ ചെയ്തതാകുന്നു. ആകയാൽ എതൃകക്ഷികളിൽ നിന്ന് സംരക്ഷണ ഉത്തരവിനും ജീവനാംശത്തിനും സാമ്പത്തിക പരിഹാരത്തിനും മറ്റുമാണ് മേല്പടി ഹർജി ഫയൽ ചെയ്തിട്ടുള്ളത് .

3. എതൃകക്ഷികൾ നോട്ടീസ് കൈപ്പറ്റുകയും കേസിൽ ആക്ഷേപം ഫയൽ ചെയ്തിട്ടുള്ളതുമാണ്.

4. ഹർജിക്കാരിയെ PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. Ext.P1 രേഖ അക്കമിട്ട തെളിവിൽ സ്വീകരിച്ചു. കൂടാതെ ഹർജിക്കാരിയുടെ ഭാഗത്ത് നിന്നും DW1 നെ എതിർവിസ്താരം നടത്തിയപ്പോൾ Ext.P2 ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയിലെ OP(Oth).303/2022 ലെ ഉത്തരവും അക്കമിട്ട തെളിവിൽ സ്വീകരിച്ചിട്ടുള്ളതാണ്.

5. എതൃകക്ഷിയെ DW1 ആയി വിസ്തരിച്ചു. എതൃകക്ഷിയുടെ ഭാഗത്ത് നിന്നും Ext.D1 മുതൽ Ext.D6 രേഖകൾ അക്കമിട്ടു തെളിവിൽ സ്വീകരിച്ചു.

6. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

7. താഴെ പറയുന്ന വിഷയങ്ങൾ നിർണയിക്കേണ്ടതിലേയ്ക്കായി പരിഗണിക്കുന്നു :-

I) ഒന്നാം ഹർജിക്കാരി ഗാർഹിക പീഡനത്തിന് ഇരയായിട്ടുണ്ടോ ?

II) ഒന്നാം ഹർജിക്കാരിയെ എതൃകക്ഷികൾ ഏതെങ്കിലും തരത്തിലുള്ള ഗാർഹിക പീഡനങ്ങൾക്ക് വിധേയമാക്കുന്നത് തടഞ്ഞു ഒരു സംരക്ഷണ ഉത്തരവ് ലഭിക്കുന്നതിന് ഒന്നാം ഹർജിക്കാരിക്ക് അർഹതയുണ്ടോ ?

III)ഒന്നാം എതൃകക്ഷിയിൽ നിന്നും ഒന്നാം ഹർജിക്കാരിക്ക് ചിലവുകൾക്കും പരിപാലനത്തിനുമായി പ്രതിമാസം 15,000/- (പതിനയ്യായിരം) രൂപയും, രണ്ടാം ഹർജിക്കാരിക്ക് പ്രതിമാസം 10,000/- (പതിനായിരം) രൂപയും വീതം ജീവനാംശവും, കൂടാതെ 65,000/- (അറുപത്തയ്യായിരം) രൂപ പ്രസവ ചെലവും ഈടാക്കാൻ അനുവദിച്ച് ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാർ അർഹരാണോ ?

IV)വിവാഹ ചിലവുകളും കൂടാതെ എതൃകക്ഷികൾ ഏൽപ്പിച്ച മാനസികവും ശാരീരികവുമായ ക്രൂരതയ്ക്കും ഉപദ്രവത്തിനുമുള്ള നഷ്ടപരിഹാരമായി 25,00,000/- (ഇരുപത്തി അഞ്ച് ലക്ഷം രൂപ) എതൃകക്ഷികളിൽ നിന്നോ അവരുടെ സ്വത്തുക്കളിൽ നിന്നോ ഈടാക്കി നൽകുന്നതിന് ഒന്നാം ഹർജിക്കാരിയെ അനുവദിച്ച് ഒരു ഉത്തരവ് ലഭിക്കുന്നതിന് ഒന്നാം ഹർജിക്കാരി അർഹയാണോ ?

V) ഉത്തരവുകളും ചിലവുകളും ?

**<u>പരിഗണന വിഷയം I ഉം II ഉം :-</u>**

8. ഹർജിക്കാരും എതൃകക്ഷികളും മുസ്ലിം സമുദായത്തിൽപ്പെട്ടവരും, ഒന്നാം ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിലുള്ള വിവാഹം 28.02.2021 തീയതി ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലുള്ള മാർഗ്രിഗോറിയസ് ഓഡിറ്റോറിയത്തിൽ വെച്ച് മുസ്ലിംമതാചാരപ്രകാരം നടന്നിട്ടുള്ളതുമാണ്. രണ്ടും മൂന്നും എതൃകക്ഷികൾ ഒന്നാം എതൃകക്ഷിയുടെ മാതാപിതാക്കളും, നാലും അഞ്ചും എതൃകക്ഷികൾ ഒന്നാം എതൃകക്ഷിയുടെ അളിയനും സഹോദരിയുമാണ്. ഒന്നാം ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിലുള്ള വൈവാഹികബന്ധം തർക്കിക്കപ്പെട്ടിട്ടില്ലാത്തതാണ്

എന്ന് Ext.P1 വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം കാണാവുന്നതാണ്. ഹർജിക്കാരും എതൃകക്ഷികളും തമ്മിൽ ഗാർഹിക ബന്ധത്തിൽ ഉള്ളവരാണ് എന്ന നിലയിൽ പങ്കുപറ്റിക്കൊണ്ട് ഒരുമിച്ച് താമസിച്ചിട്ടുള്ളതിനാൽ ഹർജിക്കാരും എതൃകക്ഷികളും തമ്മിൽ ഗാർഹിക ബന്ധം ഉണ്ടെന്ന് തെളിഞ്ഞിരിക്കുന്നു. ഇപ്രകാരം താമസിച്ചു വരവെ എതൃകക്ഷികൾ ഒന്നാം ഹർജിക്കാരിയെ പതിവായി പലവിധത്തിൽ മാനസികമായും ശാരീരികമായും ഉപദ്രവിച്ചു എന്ന് ഒന്നാം ഹർജിക്കാരി മൊഴി നൽകി. എതൃകക്ഷികളിൽ നിന്നുള്ള ഇത്തരം പെരുമാറ്റങ്ങൾ ഒന്നാം ഹർജിക്കാരിക്ക് കടുത്ത മാനസിക സംഘർഷത്തിനും സങ്കടത്തിനും കാരണമായിട്ടുള്ളതും ടിയാളുകളിൽ നിന്നും ഇത്തരത്തിലുള്ള ഗാർഹിക പീഡനങ്ങൾ തുടർന്നും ഉണ്ടായേക്കാം എന്ന് ഭയമുള്ളതായും ഒന്നാം ഹർജിക്കാരി മൊഴി നൽകിയിരിക്കുന്നു. ഇപ്രകാരം Ext.P1 രേഖയും PW1 ന്റെ മൊഴിയും ചേർത്തു വായിക്കുമ്പോൾ എതൃകക്ഷികൾ ഹർജിക്കാർക്കെതിരെ ഗാർഹികപീഡനം നടത്തിയതായി കണ്ടെത്തിയിരിക്കുന്നു. ഇത്തരത്തിൽ ഗാർഹികപീഡന കൃത്യം തുടർന്നും നടത്താനുള്ള സാധ്യത കണക്കിലെടുത്ത് എതൃകക്ഷികളുടെ ഭാഗത്ത് നിന്നും ഹർജിക്കാർക്ക് നേരെയുണ്ടാകുന്ന അക്രമപ്രവർത്തികൾ തടഞ്ഞു കിട്ടേണ്ടത് അത്യാവശ്യമാണെന്ന് ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ ഒന്നാം ഹർജിക്കാരി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 18(a) വകുപ്പ് പ്രകാരം ഉള്ള ഉത്തരവ് ലഭിക്കാൻ അർഹയാണ്. ആയതിനാൽ ഈ പരിഗണന വിഷയങ്ങൾ ഹർജിക്കാർക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം III ഉം IV ഉം</u> :-**

9. ഹർജിക്കാരും എതൃകക്ഷികളും മുസ്ലിം സമുദായത്തിൽപ്പെട്ടവരും, ഒന്നാം ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും തമ്മിലുള്ള വിവാഹം 28.02.2021 തീയതി ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലുള്ള മാർഗ്രിഗോറിയസ് ഓഡിറ്റോറിയത്തിൽ വെച്ച് മുസ്ലിംമതാചാരപ്രകാരം നടന്നിട്ടുള്ളതാണ് എന്ന് Ext.P1 വിവാഹ സർട്ടിഫിക്കറ്റ് കൊണ്ട് ബോധ്യമാകുന്നു. ഒന്നാം ഹർജിക്കാരി BSC,TTC വിദ്യാഭ്യാസ യോഗ്യതയുള്ള ആളും കേന്ദ്രീയ വിദ്യാലയത്തിൽ താത്ക്കാലിക ജോലി ചെയ്തു വരുന്നതും ടിയാൾക്ക് പ്രതിമാസം 21,250/- രൂപ ശമ്പളം ലഭിക്കുന്നതുമാണെന്ന് ഒന്നാം ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും മനസിലാകുന്നു. ഒന്നാം എതൃകക്ഷി കേന്ദ്ര സർക്കാർ ജീവനക്കാരനും ഇന്ത്യൻ റെയിൽവേയിൽ ലോക്കോ പൈലറ്റ്

ആയി സേവനമനുഷ്ഠിക്കുന്നയാളും പ്രതിമാസം 2023 ലെ Ext.D3 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 48,809/- രൂപയും Ext.D6 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 57,889/- രൂപയും മറ്റു അലവൻസുകളുമുള്ള ആളാണ് എന്നും കോടതിക്ക് ബോധ്യമാകുന്നു. വിവാഹ ശേഷം ആദ്യത്തെ ഒരു മാസം ഇരുകക്ഷികളും തമ്മിൽ യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല എന്നും അതിനുശേഷം എതൃകക്ഷികൾ ഒന്നാം ഹർജിക്കാരിയുമായി വഴക്കിടുന്നത് പതിവായിരുന്നു എന്നും ഒന്നും രണ്ടും മൂന്നും എതൃകക്ഷികൾ ചേർന്ന് ഒന്നാം ഹർജിക്കാരിയുടെ മുഴുവൻ സ്വർണ്ണാഭരണങ്ങളും മറ്റും പൂർണ്ണമായും വാങ്ങി ഒറ്റപ്പാലത്തെ സർവീസ് സഹകരണ ബാങ്കിലെ ലോക്കറിൽ സൂക്ഷിക്കാൻ ആണെന്ന് പറഞ്ഞ് വാങ്ങിയിട്ടുള്ളതുമാണ്. 30.07.2021 തീയതി രാവിലെ മുതൽ 1,2,3,5 എതൃകക്ഷികൾ ചേർന്ന് ഒന്നാം ഹർജിക്കാരിയെ മാനസികമായി ഉപദ്രവിക്കാൻ തുടങ്ങുകയും മൊബൈൽ ഫോണിൽ ഹർജിക്കാരി സ്വന്തം മാതാപിതാക്കളോട് സംസാരിക്കുന്നതിൽ നിന്നും ഒന്നാം എതൃകക്ഷി വിലക്കുകയും ഹർജിക്കാരിക്ക് ആകർഷണീയത ഇല്ലെന്നും ഉന്മേഷമില്ലെന്നും അവർ പറയുകയും അപ്പോൾ തന്നെ ഒന്നാം ഹർജിക്കാരി ടിയാളുടെ മാതാപിതാക്കളെ വിവരം അറിയിക്കുകയും തുടർന്ന് 31.07.2021 തീയതി മാതാപിതാക്കൾ ഒന്നാം ഹർജിക്കാരിയെ ടിയാളുടെ സ്വന്തം വസതിയിലേക്ക് കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു. തുടർന്ന് ഒന്നാം എതൃകക്ഷി ചെന്നൈയിലേക്ക് ജോലിക്ക് ആയി തിരികെ പോയപ്പോൾ ഒന്നാം ഹർജിക്കാരിയെ ടിയാളുടെ പിതാവ് സ്വന്തം വീട്ടിലേക്ക് നിൽക്കാൻ കൊണ്ട് പോയതിനെ തുടർന്ന് ഒന്നാം എതൃകക്ഷി ഒന്നാം ഹർജിക്കാരിയെ ചീത്ത വിളിക്കുകയും 16.08.2021 തീയതി ഒന്നാം ഹർജിക്കാരി ഗർഭിണിയാണെന്ന വിവരം എതൃകക്ഷികളെ അറിയിച്ചപ്പോൾ ഒന്നാം എതൃകക്ഷി ഒന്നാം ഹർജിക്കാരിയെ ഭീഷണിപ്പെടുത്തുകയും ചെയ്യുകയും മറ്റ് എതൃകക്ഷികളും ഇതിനോട് യാതൊരുവിധ പ്രതികരണവും നടത്തിയിട്ടില്ലാത്തതുമാണ്. ആളുകളോടൊപ്പം ചേർന്ന് ഒന്നാം ഹർജിക്കാരിയെ അധിക്ഷേപിക്കുകയും ടിയാൾക്ക് മാനസികരോഗം ഉണ്ടെന്ന് തെറ്റായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നതും, ഗർഭിണിയായ ഒന്നാം ഹർജിക്കാരിയെ ഗൈനോക്കോളജിസ്റ്റിന്റെ അടുത്ത് കൊണ്ട് പോകുന്നതിന് ഒന്നാം എതൃകക്ഷി ശ്രദ്ധിക്കാതെ ഇരിക്കുകയും തുടർന്ന് 04.02.2022 തീയതി ഒന്നാം ഹർജിക്കാരി പ്രൊട്ടക്ഷൻ ഓഫീസർ മുമ്പാകെ എതൃകക്ഷികൾക്കെതിരെ പരാതി കൊടുക്കുകയും 31.07.2021 തീയതിയോട് കൂടി എതൃകക്ഷികൾ ഹർജിക്കാരിയെ ഉപേക്ഷിക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഒന്നാം

എതൃകക്ഷി സംശയാലുവായ സ്വഭാവക്കാരനും വളരെ ശാഠ്യം ഉള്ളവനാണെന്നും മാതാപിതാക്കളുടെ ഇംഗിതത്തിന് അനുസരിച്ച് പ്രവർത്തിക്കുന്നയാളും ആണെന്നും കൂടാതെ ഒന്നാം എതൃകക്ഷി എപ്പോഴും ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കളെ അധിക്ഷേപിക്കാറുണ്ടായിരുന്നു എന്നും ടിയാളുടെ മൊഴിയിൽ നിന്നും മനസിലാകുന്നു. ഒന്നാം എതൃകക്ഷി കേന്ദ്ര സർക്കാർ ജീവനക്കാരനും ഇന്ത്യൻ റെയിൽവേയിൽ ലോക്കോ പൈലറ്റ് ആയി സേവനമനുഷ്ഠിക്കുന്നയാളും, 2023 ലെ Ext.D3 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 48,809/- രൂപയും Ext.D6 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 57,889/- രൂപയും മറ്റു അലവൻസുകളുമുള്ള ആളാണ് എന്നും കോടതിക്ക് ബോധ്യം ആയിരിക്കുന്നു. ഹർജിക്കാരിയുടെ വിവാഹ സമയത്ത് കൊടുത്ത 53.252 പവൻ സ്വർണ്ണാഭരണങ്ങളും 20 ലക്ഷം രൂപയും എതൃകക്ഷികൾ ദുർവിനിയോഗം ചെയ്തിട്ടുള്ളതാണ് . ആയത് തിരികെ ലഭിക്കുന്നതിന് ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയിൽ OP(Oth).303/2022 ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ ഒന്നാം ഹർജിക്കാരിക്ക് അനുകൂലമായി വിധി നൽകിയിട്ടുള്ളതാണ് എന്നും ഒന്നാം ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും Ext.P2 ഉത്തരവിൽ നിന്നും മനസിലാകുന്നു. ഹർജിക്കാരി BSC,TTC വിദ്യാഭ്യാസ യോഗ്യതയുള്ളയാളും ടിയാൾ കേന്ദ്രിയ വിദ്യാലയത്തിൽ താത്ക്കാലിക ജോലി ചെയ്തു വരുന്നതും പ്രതിമാസം 21,250/-രൂപ ശമ്പളം ലഭിക്കുന്നതുമാണെന്നും വിസ്താര വേളയിൽ ഒന്നാം ഹർജിക്കാരി സമ്മതിച്ചിട്ടുള്ളതാണ്. രണ്ടാം ഹർജിക്കാരി ഒന്നാം ഹർജിക്കാരിയുടെയും ഒന്നാം എതൃകക്ഷിയുടെയും മൈനറായ മകൾ ആണ്. രണ്ടാം ഹർജിക്കാരിയെ സംരക്ഷിക്കേണ്ടത് പിതാവായ ഒന്നാം എതൃകക്ഷിയുടെ കടമയാണ്. കൂടാതെ ഒന്നാം ഹർജിക്കാരിക്ക് താത്കാലിക അടിസ്ഥാനത്തിൽ കേന്ദ്രിയ വിദ്യാലയത്തിൽ പഠിപ്പിക്കുന്നതിനാൽ വരുമാനമുണ്ട് എങ്കിലും ഒന്നാം എതൃകക്ഷി ടിയാന്റെ ഭാര്യയെ സംരക്ഷിക്കുന്നതിനും പ്രതിമാസ ചിലവിനുള്ള സാമ്പത്തിക പരിഹാരം നൽകുന്നതിനും ബാധ്യസ്ഥനാണ് എന്നും കോടതി കണ്ടെത്തുന്നു. ഒന്നാം എതൃകക്ഷി കേന്ദ്ര സർക്കാർ ജീവനക്കാരനും ഇന്ത്യൻ റെയിൽവേയിൽ ലോക്കോ പൈലറ്റ് ആയി സേവനമനുഷ്ഠിക്കുന്നയാളും, പ്രതിമാസം 2023 ലെ Ext.D3 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 48,809/- രൂപയും Ext.D6 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 57,889/- രൂപയും മറ്റു അലവൻസുകളുമുള്ള ആളാണ്. അതിനാൽ നിയമപരമായി വിവാഹം കഴിച്ച ഒന്നാം ഹർജിക്കാരിയെയും ടിയാളുകളുടെ മകളായ മൈനറായ രണ്ടാം

ഹർജിക്കാരിയെയും സംരക്ഷിക്കേണ്ടതും, ഒന്നാം ഹർജിക്കാരിയുടെയും രണ്ടാം ഹർജിക്കാരിയുടെയും അന്തസ്സിന് ചേരുന്ന വിധം അവരെ നോക്കുന്നതിനും സാമ്പത്തികമായി സഹായിക്കുന്നതിനും ഒന്നാം എതൃകക്ഷി ബാധ്യസ്ഥനാണ്. ഒന്നാം ഹർജിക്കാരി BSC,TTC വിദ്യാഭ്യാസ യോഗ്യതയുള്ള ആളാണ്. ഒന്നാം ഹർജിക്കാരിയുടെ പിതാവ് ലോട്ടറി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറായി റിട്ടയർ ചെയ്ത ആളും മാതാവ് ടീച്ചറായി റിട്ടയർ ചെയ്ത ആളുമാണ്. ഒന്നാം ഹർജിക്കാരി ജനിച്ച് വളർന്ന ഉയർന്ന ജീവിത സാഹചര്യവും ചുറ്റുപാടും പരിശോധിക്കുമ്പോൾ ഒന്നാം ഹർജിക്കാരിക്ക് അന്തസായി ജീവിക്കുന്നതിന് ഉതകുന്ന സാമ്പത്തികമായിട്ടുള്ള സഹായം ഒന്നാം എതൃകക്ഷിയിൽ നിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്.

10. ***Kalyan Dey Chowdhury v. Rita Dey Chowdhury 2017(2) KHC 606*** എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇപ്രകാരം വിധിച്ചു. "ഭാര്യയ്ക്ക് നൽകുന്ന സ്ഥിര ജീവനാംശത്തിന്റെ തുക കക്ഷികളുടെ പദവിയ്ക്കും ഇണയുടെ ജീവനാംശം നൽകാനുള്ള കഴിവിനും അനുയോജ്യമായിരിക്കണം. ഭർത്താവിന്റെ മൊത്തം ശമ്പളത്തിന്റെ 25% ഭാര്യയ്ക്ക് ജീവനാംശമായി നൽകാൻ ന്യായവും ഉചിതവുമാണ്". മേൽപറഞ്ഞ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ***Shinte George v. Lisha P.S 2020 KHC 5020*** എന്ന കേസിൽ ഇപ്രകാരം വിധിച്ചു. Kalyan Dey Chowdhury കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചത് "ഭർത്താവിന്റെ മൊത്തം ശമ്പളത്തിന്റെ 25% ഭാര്യയ്ക്ക് മെയിന്റനൻസായി നൽകുന്നത് ന്യായവും ഉചിതവുമാണ്. ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പ്രകാരം നൽകുന്ന മെയിന്റനൻസ് തുകയ്ക്ക് പരിഷ്കരണം ആവശ്യമാണ്. അത് 3,754/- രൂപയായി ചുരുക്കി 3800/- രൂപയായി (15,016/- രൂപയിൽ 25%) റൗണ്ട് ചെയ്തു".

11. ഒന്നാം എതൃകക്ഷിയെ വിസ്തരിച്ചപ്പോൾ ടിയാളുടെ പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനും, സാമ്പത്തികമായി സഹായിക്കുന്നതിനും, ചികിത്സ ചിലവിനും, കൂടാതെ ടിയാളുടെ പിതാവ് വീട് വെക്കുന്നതിന് വേണ്ടി എടുത്ത ലോൺ തിരികെ അടയ്ക്കുന്നതിനും വേണ്ടി ഒന്നാം എതൃകക്ഷിക്ക് സാമ്പത്തികമായി ബാധ്യത ഉണ്ട് എന്നും ബോധിപ്പിരിച്ചിരുന്നു. എന്നാൽ നിയമപരമായി വിവാഹം കഴിച്ച ഒന്നാം ഹർജിക്കാരിയെയും മകളെയും (രണ്ടാം ഹർജിക്കാരി) സംരക്ഷിക്കേണ്ടത് ഒന്നാം എതൃകക്ഷിയുടെ പ്രാഥമിക കർത്തവ്യമാണ് എന്ന് കോടതി കാണുന്നു. കേന്ദ്ര സർക്കാർ ജീവനക്കാരനായ ഒന്നാം എതൃകക്ഷിക്ക്

നീണ്ട സർവ്വീസ് ഡിപ്പാർമെന്റിൽ ഉള്ളതിനാലും 2023 ലെ Ext.D3 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 48,809/- രൂപയും Ext.D6 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 57,889/- രൂപയും മറ്റ അലവൻസുകളുമുള്ള ആളായതിനാലും ഒന്നാം എതൃകക്ഷി ടിയാന്റെ ഭാര്യയെയും മകളെയും ടിയാളുടെ സാമ്പത്തിക സ്ഥിതിക്ക് അനുസരിച്ച് സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് കോടതി കാണുകയാലും, ഒന്നാം എതൃകക്ഷിക്ക് പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട ചുമതല ഉള്ളതിനാലും ഭാര്യയായ ഒന്നാം ഹർജിക്കാരിക്ക് പ്രതിമാസ ചിലവുകൾക്കും പരിപാലനത്തിനുമായി 15,000/- (പതിനയ്യായിരം) രൂപയും മകളായ രണ്ടാം ഹർജിക്കാരിക്ക് പ്രതിമാസം 10,000/- (പതിനായിരം) രൂപയും വീതം ഒന്നാം എതൃകക്ഷി ജീവനാംശം ലഭിക്കേണ്ടത് ആവശ്യമാണെന്ന് ഹർജിക്കാരി ബോധിപ്പിച്ചിരുന്നു.

12. ഹർജിയിൽ നിന്നും ഒന്നാം ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും ഹാജരാക്കിയ രേഖകളിൽ നിന്നും ഹർജിക്കാർ ഒന്നാം എതൃകക്ഷിയിൽ നിന്നും സംരക്ഷണ ചിലവിന് അർഹരായിട്ടുള്ള വ്യക്തികളാണെന്ന് കാണാനാകും. ഒന്നാം ഹർജിക്കാരി BSC, TTC വിദ്യാഭ്യാസ യോഗ്യതയുള്ള ആളും കേന്ദ്രീയ വിദ്യാലയത്തിൽ താത്ക്കാലിക ജോലി ചെയ്തു വരുന്നതും പ്രതിമാസം 21,250/- രൂപ ശമ്പളം ലഭിക്കുന്നു എന്നും ഒന്നാം ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും മനസിലാകുന്നു. ഒന്നാം ഹർജിക്കാരിക്ക് പ്രതിമാസം 15,000/- (പതിനയ്യായിരം) രൂപയും രണ്ടാം ഹർജിക്കാരിക്ക് പ്രതിമാസം 10,000/- (പതിനായിരം) രൂപയും വീതം ചിലവിനത്തിൽ ആവശ്യമാണെന്ന് ഒന്നാം ഹർജിക്കാരി ബോധിപ്പിച്ചിരുന്നു. ഹർജി പ്രകാരം ഒന്നാം എതൃകക്ഷി കേന്ദ്ര സർക്കാർ ജീവനക്കാരനും ഇന്ത്യൻ റെയിൽവേയിൽ ലോക്കോ പൈലറ്റ് ആയി സേവനമനുഷ്ഠിക്കുന്നയാളും, പ്രതിമാസം 2023 ലെ Ext.D3 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 48,809/- രൂപയും Ext.D6 പേ-സ്ലിപ് പ്രകാരം റിക്കവറികൾക്ക് ശേഷം 57,889/- രൂപയും മറ്റ അലവൻസുകളുമുള്ള ആളാണ്. മേൽസംഗതികൾ കണക്കിലെടുക്കുമ്പോൾ ഒന്നാം ഹർജിക്കാരിക്ക് പ്രതിമാസ ചിലവുകൾക്കും പരിപാലനത്തിനുമായി 15,000/- (പതിനയ്യായിരം) രൂപയും രണ്ടാം ഹർജിക്കാരിക്ക് പ്രതിമാസം 5,000/- (അയ്യായിരം) രൂപയും വീതം സംരക്ഷണ ചിലവ് ഒന്നാം എതൃകക്ഷിയിൽ നിന്നും ലഭിക്കാൻ അർഹതയുണ്ട് എന്ന് കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം ഹർജിക്കാർക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

13. ഒന്നാം ഹർജിക്കാരിയുടെ പ്രസവ ചിലവിനത്തിൽ 65,000/- (അറുപത്തി അയ്യായിരം) രൂപ സാമ്പത്തിക പരിഹാരമായി ഒന്നാം ഹർജിക്കാരി ആവശ്യപെടുന്നു. ഹർജി പ്രകാരമോ ഒന്നാം ഹർജിക്കാരിയുടെ മൊഴി പ്രകാരമോ ആയത് സംബന്ധിച്ച് യാതൊരു രേഖകളും തെളിവുകളും കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല. അതിനാൽ ഹർജിയിൽ ആവശ്യപ്പെട്ട പ്രകാരം പ്രസവ ചിലവിനത്തിൽ 65,000/- (അറുപത്തി അയ്യായിരം) രൂപ ലഭിക്കാൻ ഒന്നാം ഹർജിക്കാരി അർഹയാണെന്ന് കോടതിക്ക് കണ്ടെത്താനായിട്ടില്ല. ആയതിനാൽ വ്യക്തമായ തെളിവുകളുടെ അഭാവത്തിൽ കോടതിക്ക് പ്രസവ ചിലവിന്റെ തുക അനുവദിക്കാൻ സാധിക്കില്ല.

14. വിവാഹ ചിലവുകളും മറ്റു സാമ്പത്തികമായ നഷ്ടപരിഹാരത്തിനുമായി 25,00,000/- (ഇരുപത്തി അഞ്ച് ലക്ഷം) രൂപ എതൃകക്ഷികളിൽ നിന്നും ഈടാക്കി നൽകുവാൻ ഒന്നാം ഹർജിക്കാരി ആവശ്യപ്പെട്ടെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് വ്യക്തമായ തെളിവുകളും രേഖകളും ടിയാൾ കോടതി മുമ്പാകെ ഹാജരാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ Ext.P2 ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയിലെ OP(Oth).303/2022 ലെ ഉത്തരവിൽ വിവാഹവുമായി ബന്ധപ്പെട്ട് 20,00,000/- (ഇരുപത് ലക്ഷം) രൂപ എതൃകക്ഷികൾ ഹർജിക്കാർക്ക് നൽകണം എന്ന ഉത്തരവ് നൽകിയിട്ടുള്ളതാണ്. വ്യക്തമായ തെളിവുകളുടെ അഭാവത്തിലും ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയിലെ Ext.P2 ഉത്തരവിൽ ഹർജിക്കാർക്ക് അനുകൂലമായി വിധിച്ചിട്ടുള്ളതിനാലും ഈ കോടതിക്ക് നഷ്ടപരിഹാരം അനുവദിക്കാൻ സാധിക്കില്ല. ആയതിനാൽ പരിഗണന വിഷയം IV ഹർജിക്കാർക്ക് പ്രതികൂലമായി കണ്ടെത്തിയിരിക്കുന്നു.

<u>**പരിഗണന വിഷയം V :-**</u>

15. I മുതൽ IV വരെയുള്ള പരിഗണന വിഷയങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ ഹർജി ഭാഗികമായി അനുവദിച്ചു താഴെ പറയുന്ന ഉത്തരവുകൾ നൽകുന്നു :-

1. ഹർജിക്കാർക്കെതിരെ വാക്കാലോ ലിഖിതമായോ മാനസികമായും ശാരീരികമായും സാമ്പത്തികമായും വൈകാരികമായുമുള്ള ഗാർഹിക പീഡന കൃത്യങ്ങൾ നടത്തുന്നതിൽ നിന്നും 1 മുതൽ 5 വരെ എതൃകക്ഷികളെ തടഞ്ഞ് ഉത്തരവാകുന്നു.

2. ഒന്നാം ഹർജിക്കാരിക്ക് പ്രതിമാസ ചിലവുകൾക്കും പരിപാലനത്തിനുമായി 15,000/- (പതിനയ്യായിരം) രൂപയും രണ്ടാം ഹർജിക്കാരിക്ക് പ്രതിമാസം 5,000/- (അയ്യായിരം) രൂപയും വീതം ഹർജി തീയതി മുതൽ ജീവനാംശം നൽകാൻ ഒന്നാം എതൃകക്ഷിയോട് ഉത്തരവാകുന്നു.

3. എതൃകക്ഷികൾ മേല്പറഞ്ഞ ഉത്തരവുകൾ പാലിക്കാത്തപക്ഷം ഹർജിക്കാർക്ക് എതൃകക്ഷികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഈ വിധിയിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് ഈ തീയതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കോടതിയിൽ അപ്പീൽ ഹർജി കൊടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 28 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

## അനുബന്ധം

A. ഹർജി ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | ഹൻസ ഫാത്തിമ |

B.എതൃകക്ഷി ഭാഗം സാക്ഷികൾ

| | |
|---|---|
| DW1 | സാജിദ്.എം.ഷംസുദ്ദീൻ |

C.കോടതി ഭാഗം സാക്ഷികൾ – ഇല്ല

D.ഹർജി ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | വിവാഹ സർട്ടിഫിക്കറ്റ് |
| Ext.P2 (DW1) | ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയിലെ OP(Oth).303/2022 ലെ ഉത്തരവ് |

E. എതൃകക്ഷി ഭാഗം തെളിവുകൾ

| | |
|---|---|
| Ext.D1 (PW1) | ഹർജിക്കാർക്ക് മെയിന്റനൻസ് തുക അയച്ചു നൽകിയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് (2022 മുതൽ 2025 വരെ) |
| Ext.D2 (DW1) | ഒന്നാം ഹർജിക്കാരി കേന്ദ്രീയ വിദ്യാലയത്തിൽ ജോലി ചെയ്യുന്നതിനെ സംബന്ധിച്ചുള്ള വിവര അവകാശ രേഖയുടെ ഓൺലൈൻ പകർപ്പ് |
| Ext.D3 (DW1) | ഒന്നാം എതൃകക്ഷിയുടെ സാലറി സർട്ടിഫിക്കറ്റിന്റെ പകർപ്പ് |
| Ext.D4 (DW1) | ബാങ്ക് വായ്പാ രേഖകളുടെ പകർപ്പ് |
| Ext.D5 (DW1) | ഒന്നാം എതൃകക്ഷിയുടെ മാതാവിന്റെ ചികിത്സാ സംബന്ധമായ രേഖകളുടെ പകർപ്പ് |
| Ext.D6 (DW1) | ഒന്നാം എതൃകക്ഷിയുടെ സാലറി സർട്ടിഫിക്കറ്റ് |

F. കോടതി ഭാഗം തെളിവുകൾ – ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ – ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**